ഉത്തരം

(എ) 1995-ൽ പെരിയാർവാലി ജലസേചന പദ്ധതി പൂർത്തിയാക്കിയ പദ്ധതിയായി പ്രഖ്യാപിച്ചതിനാൽ പദ്ധതിക്കുവേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്താറില്ല. കാലപ്പഴക്കത്താൽ കേടുപാടു സംഭവിച്ച കനാലുകളുടെ പുനഃരുദ്ധാരണം റീവാമ്പിംഗ് സ്കീമിൽപ്പെടുത്തി ചെയ്യുന്നതിന് 25 കോടി രൂപയുടെ ഒരു പ്രോജക്ട് റിപ്പോർട്ട് ചീഫ് എഞ്ചിനീയർ തയ്യാറാക്കിയിട്ടുണ്ട്. ആയത് പരിശോധനയിലാണ്. പക്ഷേ, ഫണ്ടിന്റെ ലഭ്യതയനുസരിച്ചു മാത്രമേ ടി പണികളും മറ്റു വാർഷിക അറ്റകുറ്റപ്പണികളും നടത്തുവാൻ സാധിക്കുകയുള്ളൂ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത കാരണം പരിഹാരനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) ഉണ്ട്. പെരിയാർവാലി പ്രോജക്ടിൽ കഴിഞ്ഞ നാലുവർഷ കാലയളവിൽ ആകെ 41 ഫാം റോഡുകൾ ഏറ്റെടുത്തിട്ടുണ്ട്.

(ഡി) എം. എൽ. എ.-മാരുടെയും ഉദ്യോഗസ്ഥരുടെയും ഒരു യോഗം 2005 ജൂലൈ 18-ന് ചേരുകയുണ്ടായി.

പെരിയാർവാലി ഇറിഗേഷൻ പ്രോജക്ട് ഭൂമി സ്വകാര്യവ്യക്തി കൈയേറിയത്

105 [1935] *ശ്രീ. ജോണി നെല്ലൂർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിൽ പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ കോതമംഗലം ബ്രാഞ്ച് കനാലിന്റെ ഏകദേശം ചെയിനേജ് 3825-ാം മീറ്ററിൽ ഇടതു ബണ്ടിൽപ്പെടുന്ന സർക്കാർവക ഭൂമി സാറാക്കുട്ടി ഏലിയാസ് എന്നയാൾ കൈയേറിയതായി എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) ഭൂമിയുടെ അതിരിനെപ്പറ്റി തർക്കമുള്ളതിനാൽ അളന്ന് അതിർത്തി തിരിക്കുന്നതിന് കോതമംഗലം തഹസിൽദാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly